LIBRARY ARCHIVES Kerala Legislative Assembly

കുടിവെള്ളത്തിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് നടപടി

56 [1742] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ളത്തിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) വാട്ടർ അതോറിറ്റിയുടെ പുതിയ പദ്ധതികളിൽ കുടിവെള്ള വിതരണത്തിനായി ഉദ്ദേശിച്ചിട്ടുള്ളത് എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) സ്വജലധാര പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പദ്ധതികൾ സംസ്ഥാനത്ത് ഏറ്റെടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ; ഈ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) കുപ്പിയിൽ വെള്ളം വിതരണം ചെയ്യുന്നതിനായി സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) പെട്രോൾ പമ്പ് മാതൃകയിൽ ശുദ്ധജലവിതരണത്തിനായി നിർദ്ദേശിച്ചിരുന്ന പദ്ധതിയുടെ പ്രവർത്തനം ഏതുവരെയായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കുടിവെള്ളത്തിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന വലുതും ചെറുതുമായ പദ്ധതികൾക്ക് പുറമേ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ചെറുകിട ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കിയും സാങ്കേതികമായി സാധ്യതയുള്ള സ്ഥലങ്ങളിൽ കുഴൽകിണർ കുഴിച്ചും വിതരണ ശൃംഖല നീട്ടിയും അഡീഷണൽ പമ്പിംഗ് ഏർപ്പെടുത്തിയും സ്രോതസ്സുകൾ പുനരുദ്ധരിച്ചും വിപുലീകരിച്ചും സപ്ലൈ വാൽവുകൾ നിയന്ത്രിച്ചും താൽക്കാലിക ബണ്ടുകൾ നിർമ്മിച്ചും ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(ബി) കുടിവെള്ള വിതരണത്തിനായി താഴെപറയുന്ന പദ്ധതികളുടെ പണികൾ ഏറ്റെടുത്തു നടത്തിവരുന്നു:

I കേന്ദ്രസഹായത്തോടെ നടപ്പിലാക്കിവരുന്നവ

(a) ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ.

(b) 10% ഉപഭോക്തൃ വിഹിതത്തോടെ നടപ്പിലാക്കുന്ന ചെറുകിട ശുദ്ധജലവിതരണ പദ്ധതികൾ.

(c) എൻസി/പിസി വാർഡുകളിലേക്കുള്ള ശുദ്ധജലവിതരണ പദ്ധതികൾ.

(d) 10% ഉപഭോക്തൃ വിഹിതത്തോടെ നടപ്പിലാക്കുന്ന വർഷ മഴവെള്ളശേഖരണ പദ്ധതികൾ.

(e) ടെക്നോളജി മിഷൻ പദ്ധതികൾ.

(f) 10% ഉപഭോക്തൃ വിഹിതത്തോടെ നടപ്പിലാക്കുന്ന സ്വജലധാര പദ്ധതികൾ.

II കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന നഗര ശുദ്ധജലവിതരണ പദ്ധതികൾ.

III പി.എം.ജി.വൈ. പദ്ധതികൾ.

IV പതിനൊന്നാം ധനകാര്യ കമ്മീഷൻ അവാർഡുപയോഗിച്ചുള്ള പദ്ധതികൾ.

V എൽ. ഐ. സി./നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ.

VI എൽ. ഐ. സി./ഹഡ്കോ സഹായത്തോടെയുള്ള നഗര ശുദ്ധജല വിതരണ പദ്ധതികൾ.

VII ജെ.ബി.ഐ.സി. ധനസഹായത്തോടെയുള്ള 5 ബൃഹത്തായ ജല വിതരണ പദ്ധതികൾ.

(സി) സ്വജലധാരാ പദ്ധതിയിൽ ഉൾപ്പെടുത്തി 2002-03 സാമ്പത്തിക വർഷത്തിൽ 120 പദ്ധതികളും 2003-04 സാമ്പത്തിക വർഷത്തിൽ 82 പദ്ധതികളും ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. 90% കേന്ദ്രസഹായത്തോടെയും 10% ഉപഭോക്തൃ വിഹിതത്തോടെയുമാണ് ഈ പദ്ധതികൾ നടപ്പിലാക്കിവരുന്നത്. പൊതുജന പങ്കാളിത്ത വിഹിതമായ 10%-ൽ 5% തുക പണമായും 5% തുക സന്നദ്ധ സേവനമായോ, ഭൂമിയായോ ഗുണഭോക്താക്കൾ സംഭാവന ചെയ്യേണ്ടതാണ്. സ്വജൽധാര പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ സാങ്കേതിക സഹായം ഇപ്പോൾ കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കുന്നതാണ്.

(ഡി) സർക്കാർ തീരുമാനമെടുത്തിട്ടില്ല.

(ഇ) ഇപ്രകാരം ഒരു പദ്ധതി നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly